**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3284          10.12.2018 ൽ മറുപടിയ്ക്ക്**

**<u>മൂന്നാർ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്</u>**

**<u>ചോദ്യം</u>**
**ശ്രീ.സണ്ണി ജോസഫ്**

**<u>മറുപടി</u>**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ച് ഇടുക്കി ജില്ല കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; | (എ) ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് സർക്കാരിന് കളക്ടർ റിപ്പോർട്ട് സമർപ്പിച്ചത്; | (ബി) 05/05/2017-ാം തീയതിയിലാണ് ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് ;വിശദമാക്കാമോ;റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കെ.ഡി.എച്ച് വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുത്ത്) നിയമം മറ്റു വില്ലേജുകളിൽ 1957 ലെ ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികളും (ഭൂസംരക്ഷണ നിയമം ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. ഭൂമി കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുന്നതിലേക്ക് ഭൂസംരക്ഷണ സേനകളുടെ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും ആണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിച്ചുവരുന്നതാണ്. 27/05/2016-ന് ശേഷം പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഒഴിപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് കർശന നിർദ്ദേശം |

| | | |
|---|---|---|
| | | നൽകിയിട്ടുള്ളതുമാണ്. സർക്കാർ ഭൂമിയിന്മേലുള്ള കയ്യേറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും യഥാസമയം കണ്ടെത്തി സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിക്കുന്നതിലേക്കായി പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച ഒരു സർക്കുലർ തയ്യാറാക്കി എല്ലാ ഉപകാര്യാലയങ്ങൾക്കും നൽകിയിട്ടുള്ളതും, ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമം പ്രകാരം സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിലേക്കായി അവലോകന യോഗവും നടത്തി വരുന്നതാണ്. കൂടാതെ പൊതു അവധി ദിവസങ്ങളിൽ സർക്കാർ ഭൂമിയിലുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനായി സബ്ഡിവിഷൻ അധികാരികളുടെ മേൽ നോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്ക് തലത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും, ഏകോപിച്ചും വരുന്നതാണ്. |

സെക്ഷൻ ഓഫീസർ